(ബി) സ്വീകരിച്ചിട്ടുണ്ട്. പാമ്പനാർ ഗവൺമെന്റ് ഹൈസ്കൂളുകളിലും വഞ്ചിവയൽ ടൈബൽ സ്കൂളിലും മലയാളം മീഡിയത്തോടൊപ്പം തമിഴ് മീഡിയവും പ്രവർത്തിക്കുന്നതിനാൽ രണ്ട് മീഡിയത്തിലും കൂടി സർക്കാർ ഉത്തരവു പ്രകാരം 12 ഹൈസ്കൂൾ അദ്ധ്യാപക തസ്തികകൾ വീതം സംസ്ഥാന സർക്കാർ സൃഷ്ടിച്ചിട്ടുള്ളതാണ്. ഇപ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിയമനം നടത്താവുന്നതാണ്.

പ്ലസ് ടു അദ്ധ്യാപക നിയമനം

49 (1125) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി പ്ലസ് ടു അനുവദിച്ച സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ ഏതൂഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ പോലും അദ്ധ്യാപകർക്ക് ശമ്പളം കിട്ടുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പുതുതായി പ്ലസ് ടു അനുവദിച്ച സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിന്റെ ഭാഗമായി തസ്തിക നിർണ്ണയ നടപടികൾ നടന്നുവരുന്നു.

(ബി) ഗവൺമെന്റ് സ്കൂളുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകാൻ ഉത്തരവായിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു.

പ്ലസ് ടു ബാച്ചുകൾ

50 (1126) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി മേഖലയിൽ എത്ര എയ്ഡഡ്/ അൺഎയ്ഡഡ് പ്ലസ് ടു സ്കൂളുകൾ ഉണ്ട്; ജില്ല തിരിച്ചുള്ള എണ്ണം വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് അൺ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ എത്ര പ്ലസ് ടു ബാച്ചുകൾ അനുവദിച്ചുവെന്നും എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ എത്ര പ്ലസ് ടു ബാച്ചുകൾ അനുവദിച്ചുവെന്നും അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ എത്ര പ്ലസ് ടു ബാച്ചുകൾ ഈ സർക്കാരിന്റെ കാലത്ത് അനുവദിക്കുകയുണ്ടായി ;

(ഡി) അനുവദിക്കപ്പെട്ട പ്ലസ് ടു ബാച്ചുകളിൽ വേണ്ടത്ര വിദ്യാർത്ഥികൾ ഇല്ലാത്തതായി റിപ്പോർട്ട് ചെയ്യപ്പെട്ട ബാച്ചുകൾ മൊത്തം എത്ര; ഒരു ബാച്ചിന് അംഗീകാരം ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ വിശദമാക്കാമോ; വ്യവസ്ഥകൾ പ്രകാരം എത്ര എയ്ഡഡ് സ്കൂളുകളിലെ എത്ര ബാച്ചുകൾക്ക് അംഗീകാരത്തിനർഹതയുണ്ട്; അർഹതയുള്ള ബാച്ചുകളിലെല്ലാം കൂടി എത്ര തസ്തികകൾക്ക് അർഹതയുണ്ട്; അംഗീകരിച്ചവ എത്ര; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഹയർസെക്കണ്ടറി മേഖലയിലുള്ള എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ജില്ല	എയ്ഡഡ്	അൺഎയ്ഡഡ്
തിരുവനന്തപുരം	54	45
കൊല്ലം	55	21
പത്തനംതിട്ട	44	20
ആലപ്പുഴ	64	16
കോട്ടയം	70	25
ഇടുക്കി	32	15
എറണാകുളം	92	50
തൃശ്ശൂർ	94	39
പാലക്കാട്	62	28
കോഴിക്കോട്	86	31
മലപ്പുറം	87	74
വയനാട്	19	9
കണ്ണൂർ	61	19
കാസർഗോഡ്	24	18
ആകെ	844	410

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാരിന്റെ കാലത്ത് എയ്ഡഡ് മേഖലയിൽ 329 ബാച്ചുകളും അൺ എയ്ഡഡ് മേഖലയിൽ 14 ബാച്ചുകളും അനുവദിച്ചു.

(സി) ഈ സർക്കാരിന്റെ കാലത്ത് എയ്ഡഡ് മേഖലയിൽ 329 ബാച്ചുകൾ അനുവദിച്ചു.

(ഡി) 2014-15 അദ്ധ്യയനവർഷം ആരംഭിച്ച പുതിയ സർക്കാർ/എയ്ഡഡ് മേഖലകളിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ/അധിക ബാച്ചുകളിൽ ഒരു ബാച്ചിൽ 50-ൽ താഴെ മാത്രം വിദ്യാർത്ഥികൾ പ്രവേശനം തേടിയ 82 ബാച്ചുകൾ ഉണ്ട്. 2014-15 അദ്ധ്യയനവർഷം കുറഞ്ഞത് 40 കുട്ടികളും 2015-16 അദ്ധ്യയനവർഷം കുറഞ്ഞത് 50 കുട്ടികളും ഉണ്ടായിരിക്കണമെന്ന് 31-07-2014-ലെ ജി.ഒ.(എംഎസ്.) നമ്പർ143/14/പൊ.വി.വ. പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ നിർദ്ദിഷ്ട മാനദണ്ഡമനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങളും ഉണ്ടായിരിക്കണം. പ്രസ്തുത വ്യവസ്ഥകൾ പ്രകാരം നിയമാനുസരണം അർഹതപ്പെട്ട ബാച്ചുകളുടെയും തസ്തികകളുടെയും വിശദാംശങ്ങൾ പരിശോധിച്ചുവരുന്നു.

പ്ലസ് വൺ സീറ്റുകൾ

51 (1127) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര പ്ലസ് വൺ സീറ്റുകൾ ഉണ്ട്; അതിൽ സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളിൽ എത്ര സീറ്റുകൾ വീതം ഉണ്ട്;

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിൽ ഓരോ വർഷവും ഒഴിഞ്ഞു കിടന്നിരുന്ന പ്ലസ് വൺ സീറ്റുകൾ എത്ര വീതമായിരുന്നു;

(സി) കുട്ടികളുടെ കുറവ് കാരണം ഏതെങ്കിലും എയ്ഡഡ്/അൺ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ ഏതെങ്കിലും ബാച്ച് ഇല്ലാതായിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 2015-16 അദ്ധ്യയന വർഷം ലഭ്യമായ പ്ലസ് വൺ സീറ്റുകളുടെ വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly